19

# സ്വർഗ്ഗം ഉണ്ടോ?

ഒരിക്കൽ ദൈവം ഉണ്ട് എന്നു സ്ഥാപിച്ചു കഴിഞ്ഞാൽ അടുത്ത ചോദ്യം "സ്വർഗ്ഗം ഉണ്ടോ?" എന്നതാണ്, അതിനെക്കുറിച്ചു താഴെക്കാണുന്ന ചിന്തകൾ പരിഗണിക്കുക.

### സ്വർഗ്ഗം ഇല്ലെങ്കിൽ ദൈവം ബോധമില്ലാത്തവനാണ്

ജനങ്ങൾ എങ്ങനെ യോഗ്യമായ ഫലം കായ്ക്കുമെന്നു ദൈവത്തിന്റെ പുസ്തകം പഠിപ്പിക്കുന്നുണ്ട്: "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ത, സൗമ്യത, ഇന്ദ്രിയ ജയം" (ഗലാത്യർ 5:22, 23). അനവധി ആളുകൾ ആ ഫലങ്ങൾ പുറപ്പെടുവിക്കാൻ ശ്രമിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്.

പാപികൾ ജനിച്ചു കഴിയുമ്പോൾ ധ്രുതഗതിയിൽ വരുന്ന മാറ്റം ക്രിസ്ത്യാനികളിൽ ഫലം - കായ്ക്കുന്നതിനെക്കുറിച്ചു ഒരു മാസികയിലെ ലേഖനത്തിൽ വരികയുണ്ടായി: "പീച്ച് വൃക്ഷം കുഴിയിൽ നിന്നുണർന്നു വലുതായി ധാരാളം സുഗന്ധം വമിക്കുന്ന പുഷ്പങ്ങളും മധുരമുള്ള പഴങ്ങളും ഉണ്ടാകുന്നതുമായി താരതമ്യം ചെയ്യുക."[1] സുഗന്ധമായി സമർപ്പിക്കപ്പെട്ട ക്രിസ്ത്യാനികൾ മറ്റുള്ളവരാൽ ആകർഷിക്കപ്പെടും.

എങ്ങനെയായാലും, പാപികൾ എങ്ങനെ നല്ല ഫലം കായ്ച്ചു, ക്രമേണ, ഒഴിച്ചു കൂടുവാൻ പറ്റാതെ, അവർ മരിക്കും. സ്വർഗ്ഗമില്ലെ ങ്കിൽ, മരിച്ചു പോയവർ, അങ്ങനെയാണെങ്കിൽ അവരുടെ സൃഷ്ടികർത്താവു നിസാരനായിത്തീരുന്നു. പിന്നെ എന്തിനു അവരെ സൃഷ്ടിച്ചു വളർന്നു ഫലം കായ്ക്കുകയും നിത്യമായി മരിക്കുകയും ചെയ്യുന്നു? അങ്ങനെയാണെങ്കിൽ ജെനറൽ മോട്ടോർ കമ്പനി തൊഴിലാളികൾ അത്തരം ദൈവത്തേക്കാൾ ബോധവാന്മാരാണ്, കാരണം അവർ ഉണ്ടാക്കുന്ന മനോഹരമായ കാഡിലാക്ക് കാറുകൾ വളരെ പാടവമുള്ള എഞ്ചിനിയർ ഉണ്ടാക്കിക്കഴിഞ്ഞ് അതു അഗാധമായ നദിയിലേക്കു ഓടിച്ചു കളയുകയില്ലല്ലൊ!

### സ്വർഗ്ഗമില്ലെങ്കിൽ ദൈവം അധാർമ്മികൻ ആണ്

ദൈവത്തിന്റെ ഉപദേശം അനുസരിച്ചു ജനങ്ങളോടാണ് ഏറ്റവും വലിയ സ്നേഹം ദൈവത്തിനുള്ളത്.യേശു പറഞ്ഞു, "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ വെച്ചു കൊടുക്കുന്നതിനേക്കാൾ വലിയ

സ്നേഹം ഇല്ല" (യോഹന്നാൻ 15:13). രണ്ടാം ലോകമഹായുദ്ധത്തിൽ കുഴിയിൽ ഇരുന്ന അമേരിക്കൻ സൈന്യത്തിന്മേൽ ജെർമൻകാർ ഗ്രനേഡ് എറിഞ്ഞപ്പോൾ, അത്തരം സ്നേഹം പ്രകടിപ്പിക്കയുണ്ടായി.അതു പൊട്ടുന്നതിനു മുൻപു ഒരു പടയാളി ആ ഗ്രനേഡിന്മേൽ ചാടി കിടന്നു, അയാൾ ഉടനെ മരിച്ചു പോയി, എന്നാൽ അയാളുടെ ഇരുവശത്തും ഉണ്ടായിരുന്ന പടയാളികളെ അയാൾ രക്ഷിച്ചു സ്വർഗ്ഗം ഇല്ലെങ്കിൽ, നിസ്വാർത്ഥനും ധൈര്യശാലിയുമായ പടയാളിക്കു കൊലയാളിയായ ഫിറ്റ്ലറും എന്നേക്കും മരിക്കുന്ന ഒരേപ്രതിഫലം ആയിരിക്കും ലഭിക്കുക. അങ്ങനെ ജനങ്ങളോടു പെരുമാറുന്ന ദൈവം അധാർമ്മികൻ തന്നെ.

**സ്വർഗ്ഗം ഇല്ലെങ്കിൽ,**
**ദൈവം ക്രൂരനാണ്**

ദൈവം മനുഷ്യരുടെ ഹൃദയത്തിൽ "നിത്യത വെച്ചിരുന്നു" (സഭാപ്രസംഗി 3:11). അക്കാരണത്താൽ, സാധാരണക്കാരായ ആരും നിത്യമായി മരിക്കുവാൻ ആഗ്രഹിക്കുന്നില്ല, സന്തോഷത്തോടെ, അവസാനിക്കാത്ത, "നിത്യമായ ജീവിതം" നയിക്കുവാനാണ് ആഗ്രഹിക്കുക (തിത്തൊസ് 1:2). ദൈവം അങ്ങനെയുള്ള സന്തോഷപ്രദമായ ഒരു സ്ഥലം നമുക്കു തരുന്നില്ലെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ നിത്യത തന്നിട്ടു ക്രൂരമായി പെരുമാറുന്നവനാകും.

**സ്വർഗ്ഗമുണ്ടെങ്കിൽ**
**നരകമുണ്ട്**

സ്നേഹവാനായ ദൈവം, ബുദ്ധിയില്ലാത്തവനോ, അധാർമ്മികനോ, ക്രൂരനോ അല്ല, അവൻ നമ്മൾ എല്ലാവരേക്കാളും ബുദ്ധിയുള്ളവനും "നിത്യാഗ്നി" എന്നൊരു സ്ഥലമുണ്ടെന്നു അറിയുകയും ചെയ്യുന്നു (മത്തായി 25:41) എന്നതു ചില ആളുകൾക്കു ശരിയാണ്. സ്വർഗ്ഗത്തെ പോലെ നരകവും യഥാർത്ഥമായിരിക്കുന്നതു എന്തുകൊണ്ടാണെന്നു അറിഞ്ഞുകൂടാ എങ്കിലും, ദൈവനന്മയുടെ തെളിവുകൾ ധാരാളം കാണുന്നതുകൊണ്ടു അവനെ വിമർശിക്കുവാനോ വിധിക്കുവാനോ ധൈര്യപ്പെടുന്നില്ല.

അങ്ങനെ ചെയ്യേണ്ട ആവശ്യം ഇല്ലാത്ത സമയത്തു ദൈവം നമ്മെ ഇവിടേക്കു കൊണ്ടുവന്നു, പാപികളോടുള്ള അവന്റെ സ്നേഹം (റോമർ 3:23) ലോകമെങ്ങും വ്യാപിച്ചു (യോഹന്നാൻ 3:16; 1 യോഹന്നാൻ 2:2). അവൻ സ്നേഹം ആകുന്നു (1 യോഹന്നാൻ 4:8, 16) ന്യായവിധികളാൽ അവനു തെറ്റൊന്നും പറ്റുകയില്ല. ആളുകളെ നരകത്തിലേക്കു അയക്കുവാൻ അവനു ദു:ഖമുണ്ട് (യെഹെസ്ക്കേൽ 33:11).

---

കുറിപ്പ്

[1]അഡാപ്റ്റഡ് ഫ്രം ഡേവിഡ് ബാൻ ബിയെമാ, "ഡസ് ഹെവൻ എക്സിസ്റ്റ്?" *ടൈം* (24 മാർച്ച് 1997): 70–78.



© 2009 Truth for Today